# ST ALPHONSA HS VAKAKKAD




# മികവ്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

ലിറ്റിൽ കൈറ്റ്സ്




വാകക്കാട് സ്കൂളിൽ 1932 – 33 കാലഘട്ടത്തിൽ
അധ്യാപികയായിരുന്ന വിശുദ്ധ അൽഫോൻസാമ്മ



Rev. Fr. Michael Cheeramkuhzy

School Manager



Rev. Sr. Treesamma George FCC

Headmistress



Mr. Manu K Jose

***Kite Master***



Ms. Julia Augustine

***Kite Mistress***

# എഡിറ്റോറിയൽ

മികവുകളുടെ ലോകത്ത്

മികവുകളെ മികവാർന്ന നേട്ടങ്ങളിലേക്ക് എത്തിക്കുവാൻ......

സ്വപ്നങ്ങളെ വിരൽ തുമ്പിലാക്കുന്ന പുതു തലമുറ.........

മാധ്യമ രംഗത്തെ ഗോവണികളുടെ എണ്ണം നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുകയാണ്.

അവ നന്മയാകണം......

നല്ലതിലേക്കാകണം.......

വിവരവിനിമയ സാങ്കേതിക രംഗങ്ങളിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ താമസംവിനാ കുട്ടികളിലേക്ക് എത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് പൊതു വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുന്നു. നമ്മുടെ യുവ തലമുറയുടെ കഴിവുകൾ വളർത്തിയെടുക്കാം.

ലിറ്റിൽ കൈറ്റ്സ് എല്ലാവർക്കും സന്തോഷവും ഒപ്പം ചിന്താശേഷിയും നല്കുന്ന രചനകൾ കോർത്തിണക്കി നിങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നു.

മികവ് ന്റെ മുഴുവൻ പ്രവർത്തനങ്ങളും ടൈപ്പിങ്ങ് എഡിറ്റിങ്ങ് ലേ ഔട്ട് ഡിസൈലിങ്ങ് തുടങ്ങിയവയിലെല്ലാം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്നു.

നമുക്കൊന്നായി കൈകോർത്ത് കുതിച്ചുയരാം.........

പുതിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ...................

എഡിറ്റർ............

# Contents


വാകക്കാട് സെന്റ് അൽഫോൻസാ ഹൈസ്കൂൾ

മഴ

മാന്ത്രിക ജലം

THE PROMISE

രണ്ടാനമ്മ

അറിവിലേക്ക് . . .

Cartoon

മൈക്കൽ ജാക്സൺ

ARTIFICIAL INTELLIGENCE

The Pig and the God

പനിനീർ പുഷ്പം

ELDER TEACHER & GAUTHAM

കാറ്റ്

എലിയും പൂച്ചയും

കാലമേ.....

കാനറിപടയുടെ സുൽത്താൻ

Robo Revenge

എന്റെ അച്ഛൻ

THE WIND

Selenophile

The Magic Pot

മഴ തുള്ളികൾ

ജീവിതം

Quiz

Soulmates

She Rises: A Journey of Strength and Growth

നക്ഷത്രം

ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്

Gallery

നന്ദി . . .



# വാകക്കാട് സെന്റ് അൽഫോൻസാ ഹൈസ്കൂൾ

വാകക്കാടിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ ചിരകാല അഭിലാഷത്തിന്റെ പൂർത്തീകരണമായിരുന്ന വാകക്കാട് അൽഫോൻസാ ഗേൾസ് ഹൈസ്ക്കുൾ. 1924ൽ വാകക്കാട് സെന്റ് പോൾ സ് എൽ പീ സ്ക്കുൾ ആരംഭിച്ചു. ഈ സ്ക്കുളിനായി പുതിയ കെട്ടിടം 1942 ൽ അന്നത്തെ മാനേജരായിരുന്ന ബ. കുര്യാക്കോസ് മുതുക്കാട്ടിൽ അച്ചൻ പണികഴിപ്പിച്ചു. അതാണിപ്പോഴത്തെ അൽഫോൻസാ ഗേൾസ് ഹൈസ്ക്കുളിന്റെ പ്രധാന കെട്ടിടം. വിശുദ്ധാ അൽഫോൻസാമ്മ പഠിപ്പിച്ച ഏക വിദ്യാലയവും ഇതു തന്നെ.

വലിയകുമാര മംഗലം വാകക്കാടിന്റെ കുരിശുപള്ളി ആയിരിക്കുമ്പോൾ 1951ൽ അന്നത്തെ മാനേജരായിരുന്ന റവ.ഫാ.മാത്യൂവരകിൽപറമ്പിലിന്റെ ശ്രമഫലമായി വലിയ കുമാരമംഗലത്ത് ഒരു യൂപീ സ്ക്കുൾ അനുവദിച്ചുകിട്ടി. സെന്റ് പോൾസ് യൂ പീ സ്കൂളിന്റെ ആദ്യഹെഡ്മാസ്റ്റർ റിട്ട. റവ . ഫാ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി ആയിരുന്നു. 1953ൽ യൂ പീ സ്കൂൾ ഹൈസ്ക്കുളായി ഉയർത്തപ്പെട്ടു. വലിയകുമാരമംഗലം കുരിശുപള്ളിയും സ്ഥാപനങ്ങളും ഈ കാലയളവിൽ സീ. എം .ഐ.ക്കാരെ ഏൽപ്പിക്കുകയും ഫാ . ബൽത്താസർ സീ .എം .ഐ സെന്റ് പോൾസ് ഹൈസ്കൂളിലെ ആദ്യ ഹെഡ്മാസ്റ്ററായി നിയമിതനായി. ഈ കാലയളവിൽ ഗേൾസ് സെക്ഷൻ വാകക്കാട്ടേക്കു മാറ്റുകയുണ്ടായി.



ഈ സ്ക്കുളിന് തുടർച്ചയായി എസ്. എസ് .എൽ .സിക്ക് 100% വിജയം കൈവരിക്കാൻ സാധിക്കുന്നുണ്ട്. എംപീ ഫണ്ടിൽ നിന്നും ലഭിച്ച 10ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച മൾട്ടീ മീഡിയ റൂമിന്റെ ഉദ്ഘാടനം നവംബർ11–ാം തീയതി അഡ്വ. ജോയി എബ്രോഹം എംപീ നിർവഹിച്ചു. മുൻ ഹെഡ്മിസ്ട്രസ് സി. ഗ്രേസ് പോളിന്റെ ശ്രമഫലമായി പുതുതായി സ്മാർട്ട് ക്ലാസ് റൂം ആരംഭിച്ചു. പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ മാനേജ്മെന്റിന്റെ സഹകരണത്തോടെ ഹൈസ്ക്കുൾ വിഭാഗം ക്ലാസുകളെല്ലാം ഹൈടെക്ക് ക്ലാസ് മുറികളായി മാറിക്കഴിഞ്ഞു.

അഞ്ചുപതിറ്റാട്ടിന്റെവിദ്യാദാന പ്രക്രിയയിലൂടെ ആയിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഈ സരസ്വതീ ക്ഷേത്രത്തിന്റെ വളർച്ചയുടെ പാതയിലെ നാഴികക്കല്ലുകളാണ് 2002ൽ മാനേജ്മെന്റിൽ നിന്നും സെറ്റ് ചെയ്തു നൽകിയ കമ്പ്യൂട്ടർ ലാബ് 2004ൽ ആരംഭിച്ച പാരലൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ മുതലായവ.

പാലാ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സ്കൗട്ട് &ഗൈഡിംങ് , ലിറ്റിൽ കൈറ്റ്സ്, ജൂണിയർ റെഡ്ക്രോസ് , പ്രീമിയർ സ്ക്കുൾ എന്നിവയിൽ പരിശീലനം നൽകുന്നു. ഇപ്പോഴത്തെ മാനേജർ ഫാ.മൈക്കൾ ചീരാൻകുഴി കുട്ടിക്കളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുതന്നുകൊണ്ട് സ്ക്കുളിന്റെ നന്മയ്ക്കായി അക്ഷീണം പ്രവർത്തിക്കുന്നു.

# THE EDITORIAL BOARD



Sr. Treesamma George FCC
Headmistress

## Chief Editor



Manu K Jose
***Kite Master***

## Staff Editors



Julia Augustine
***Kite Mistress***

## Student Editors



BINSA MARIA JENNY, ANN MARIA ABHILASH

EZEKIAH JOAN INCENT, ROSHAN P JOHNSON, ALEX PAUL, JUAN BIJOY, ADWAITH SHAIJU



**Little KITEs 2022-25 & 2023-26 Batch**



**Little KITEs 2021-24 Batch**



# മഴ

ഈ ഭൂമിയിലെ ഏറ്റവു-
മനോഹരമായ കാഴ്ചയാണ് മഴ
പെയ്തിറങ്ങുന്ന ഓരോ മഴ -
ത്തുള്ളിക്കും ഓരോ പ്രതീക്ഷയുണ്ട്
തൻ്റെ വരവിനായി കാത്തിരി-
ക്കന്നമണ്ണിനെ കെട്ടിപുണരു
ഭുമിയാക്കുന്ന അമ്മയെ തഴു-
ക്കുന്ന ദൈവത്തിന്റെ കരങ്ങളായി

-ഗൗരി ശാം



# മാന്ത്രിക ജലം

പണ്ട് പണ്ട് ഒരു രാജ്യത്ത് ഒരു രാജാവും രാജ്ഞിയും ഉണ്ടായിരുന്നു. അവർക്ക് രണ്ട് അൺ കുട്ടികൾ ആയിരുന്നു ഉണ്ടായിരുന്നത്.ഒന്നാമത്തെ മകന്റെ പേര് ലെഗിയോൺ എന്നും രണ്ടാമത്തെ മകൻന്റെ പേര് ലേവി എന്നുമായിരുന്നു. അവർക്ക് രണ്ടു പേർക്കും അയോധനകലകൾ നന്നായി അറിയാമായിരുന്നു. എന്തിരുന്നാലും ലെഗിയോൺ, ലേവിനേയും രാജ്യത്തുള്ള എല്ലാവർക്കും വളരെ ഇഷ്ടമായിരുന്നു. കാരണം ഇവർ രണ്ടുപേരും പാവവും, മറ്റുള്ളവരോട് കരുണയുള്ളവരുമായിരുന്നു. പെട്ടന്ന് ഒരു ദിവസം രാജാവിന് ഒരു അസുഖം പിടിപെടുകയും രാജാവിനെ ചികിത്ധിക്കാൻ എത്തിയ വൈത്യരുടെ നിർദേശപ്രകാരം മറ്റൊരു രാജ്യത്ത് പോവുകയും ദേവന്മാരുടെ വംശത്തിൽ ഉള്ള ഒരു ഗുരുവിനെ കാണുകയും ഗുരുവിനോട് നടന്ന കാര്യങ്ങൾ പറയുകയും ഗുരുവിന്റെ കൈസശമുള്ള മാന്ത്രിക ജലം അവർക്ക് കൊടുത്തുവിടുകയും തിരികെ വരുന്നവഴി കുറെയധികം അപകടങ്ങൾ അവർ നേരിടെയ്ണ്ടിവരുകയും അതിൽ നിന്നും മാന്ത്രിക ജലത്തെ സംരക്ഷിച്ച് തിരികെ തന്റെ രാജ്യത്ത് വരുകയും ആ മാന്ത്രിക ജലം വൈത്യരുടെ കൈയ്യിൽ ഏൽപ്പിക്കുകയും രാജാവിനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുകയും ചെയ്തു.

-Neha Prasad

# THE PROMISE

*When we were friends*

*We always talked to each other..*

*And we promised,*

*“We will never leave each other”*

*But it all ended in one quarrel.*

*Possessiveness makes me angry.*

*But my tummy is always hungry.*

*I thought to leave it.*

*Memories are memories,*

*Sharing food is the best experience.*

*In friendship we were one soul.*

*We three were always in good terms.*

*But the one lost the promise she gave*

*Without us knowing,*

*That makes the dyad bond strong*

*That’s how a duo began*

*And a rival’s birth.*

*-Aksa P.B*

# രണ്ടാനമ്മ

ഒരു നാട്ടിൽ ജോസഫ് എന്നു പറയുന്ന ഒരു ആൾ ഉണ്ടായിരുന്നു. അയാളുടെ ഭാര്യ പ്രസവത്തിൽ മരണപ്പെട്ടു. അവർക്ക് ജനിച്ച ഒരു പെൺകുഞ്ഞായിരുന്നു. ക്ലാരയുടെ അമ്മ മരണപ്പെട്ടതുകൊണ്ട് ജോസഫ് രണ്ടാമതു ഒരു വിവാഹം കഴിക്കുന്നു. അതിൽ ഒരു പെൺകുട്ടി ജനിക്കുന്നു. അവളുടെ പേര് ജെനി എന്നാണ് . രണ്ടാനമ്മക്കും അവരുടെ മകൾക്കും ക്ലാരയെ ഒട്ടുംതന്നെ ഇഷ്ടമല്ലായിരുന്നു. അവളെ കൊണ്ട് വീട്ടിലെ സകല ജോലികളും ചെയ്യിക്കുമായിരുന്നു.

വീട്ടിലെ മുഴുവൻ ജോലിയും ചെയ്തിട്ടാണ് അവൾ സ്കൂളിൽ പോകുന്നത്. അവളെ ഇങ്ങനെ ഉപദ്രവിക്കുന്ന കാര്യം അവളുടെ അച്ഛന് അറിയില്ലായിരുന്നു.

അവൾ പഠിക്കുന്നതിൽ മിടുക്കിയായിരുന്നു. അവളുടെ അച്ഛന് അവളെ ഓർത്ത് വളരെ അഭിമാനം ഉണ്ടായിരുന്നു.

പക്ഷേ ജെനി നേരെ വിപരീതമായിരുന്നു. അങ്ങനെ കാലങ്ങൾ കടന്നു പോയി. അവൾ പഠിച്ച് ഒരു ഡോക്ടർ ആയി പക്ഷേ രണ്ടാനമ്മ തന്റെ മകളെക്കാൽ ക്ലാര നല്ലോരു ജോലി കിട്ടിയതുകൊണ്ട് അസൂയയായിരുന്നു.പക്ഷേ ക്ലാര അതു ഒന്നും വകവച്ചില്ല. അവൾ ചെറുപ്പത്തിൽ ചെയ്യുന്ന വീട്ടുജോലികൾ ഭംഗിയായി ചെയ്യ്ത് അവൾ മുന്നോട്ടുപോയികൊണ്ടിരുന്നു.ഇത് ഒന്നും രണ്ടാനമ്മക്കും ജെനിക്കും സഹിക്കുാൻ കഴിഞ്ഞില്ല.അവർ ക്ലാരയെ ശാരീരികമായി ഉപദ്രവിക്കുവാനും തുടങ്ങി. ക്ലാര ഇതുകൊണ്ട് ഒന്നും തളർന്നില്ല. അങ്ങനെ രണ്ടാനമ്മയുടെ പ്രായം കടന്നുപോയികൊണ്ടിരുന്നു. ഒരു ദിവസം രണ്ടാമ്മ വീട്ടിൽ തേന്നിവീണു. അമ്മ ഒരു തരത്തിൽ ജെനിയെ ഫോൺ വിളിച്ച് അറിയിച്ചു. പക്ഷേ അവൾ അമ്മയെ സഹായിക്കുവാൻ എത്തിയില്ല ആശിപത്രിയിലെ ജോലി കഴിഞ്ഞ് എത്തുന്ന ക്ലാര രണ്ടാനമ്മ വീണു കിടക്കുന്ന കാഴ്ച്ച കാണുന്നു. അവളോട് അമ്മ ചെയ്യ്ത ക്രൂരതകൾ മറന്ന് അമ്മയെ ആശുപത്രിയിൽ കൊണ്ട്പോകുന്നു, പരിചരിക്കുന്നു.
അമ്മ ക്ലാരയെ കുറിച്ചും ജെനിയെ കുറിച്ചും ആലോചിക്കുന്നു.
താൻ എത്ര ദ്രോഹിച്ചിട്ടും തന്നെ സഹായിച്ച ക്ലാരയെ പോലെ അല്ല താൻ ഏറെ സ്നേഹിച്ച ജെനി. അമ്മക്ക് കുറ്റബോധം തോന്നുകയും ക്ലാരയോട് മാപ്പു പറയുകയും ചെയ്യതു. അങ്ങനെ ജീവിതം സന്തോഷത്തോടെ മുൻപൊട്ട് പോയികൊണ്ടിരുന്നു.

-സാനിയ തോമസ്

# അറിവിലേക്ക് . . .

പഠനവും കളികളും

നിറഞ്ഞെന്റെ ഹൃദയത്തിൽ നീ.........

ഭാവനകൾ തൻ വിത്തുകൾ പാകി


അറിവിന്റെ അനന്തവിശാലതയിലേക്കെന്നെ

അപ്പൂപ്പൻ താടിപോൽ പറത്തി വിട്ടു...

-Roshan P Johnson

# Cartoon


One day Goutham goes to Adarsh's house to play football with him. Adarsh's father gifted him a new smart phone.
04:00
He slowly starts getting addicted to his phone.
Adarsh stop using phone too much. It will affect your life.
Goutham it's not a problem Phone is not too dangoures
Gautham started convincing Adarsh to reduce the use of smart phone.



Overuse of mobile phone leads to several problems like brain tumor, head ache etc. And if it is hacked your pesonal information might be stolen and misused. So these there are several disadvantages of over use of mobile phone
Ok bro, I totally agree with your statement and I promise that I won't over use my mobile phone. Now let's go and play football.
Gautham and Adrash went to the playground and played football.
BY- ALEX AND GOUTHAM

# മൈക്കൽ ജാക്സൺ



അമേരിക്കയിലെ മികച്ച
ഗായകനും നർത്തകനും സൂപ്പർസ്റ്റാറുമായ
മൈക്കൽ ജാക്സൺ 1958 ജൂൺ 25 ാം തീയതി
അമേരിക്കയിലെ ഗാരി ഇന്ത്യാന എന്ന സ്ഥലത്ത് ജനിച്ചു.
ജോ ജാക്സൺ, കാതറിൻ എസ്റ്റർ എന്ന മാതാപിതാക്കളുടെ
പത്തുമക്കളിൽ എട്ടാമനായിരുന്നു അദ്ദേഹം. പോപ്പ് രാജാവ്
എന്നറിയപ്പെട്ട അദ്ദേഹം , അമേരിക്കയിലെതന്നെ ഏറ്റവും വലിയ
ഡാൻസർ ആയിരുന്നു . അങ്ങനെ ജനങ്ങളുടെയെല്ലാം
പ്രിയങ്കരനായിരുന്ന അദ്ദേഹം സംഗീതം, ഫാഷൻ, നൃത്തം
എന്നിവയിലൂടെയെല്ലാം അമേരിക്കയിലെ തന്നെ മഹാ വ്യക്തിയായി
മാറി. റോബോട്ട് ഡാൻസ് പോലുള്ള തെരുവു നൃത്തങ്ങളെ , അദ്ദേഹം
അമേരിക്കയിൽ ജനപ്രിയമാക്കി. മൈക്കൽ ജാക്സണ് താൻ കുറേ
നാൾ ജീവിക്കണമെന്നായിരുന്നു ആഗ്രഹം. എന്നാൽ അദ്ദേഹം
2009 ജൂൻ 25-ന് കാലിഫോർണിയായിൽ 50 ാം വയസ്സിൽ
ഹൃദയാഘാതം മൂലം മരിച്ചു. എന്നാൽ അത്
കൊലപാതകമാണെന്ന് പറയുന്നു.

# ARTIFICIAL INTELLIGENCE




Artificial intelligence is used in many day to day life. So what is artificial intelligence?
Artificial intelligence is the simulation of human intelligence processes by machines and computer systems.AI is the intelligence of machines or software, as opposed to the intelligence of other living beings, primarily of humans. It is a field of science in computer that develops and studies intelligent machines. Such machines may be called Ai's.

In 1952 A computer scientist named Arthur Samuel developed a program to play checkers, which is the first to ever learn the game independently. 1955: John McCarthy held a workshop at Dartmouth on "artificial intelligence" which is the first use of the word, and how it came into popular usage.

The first AI program to run in the United States also was a checkers program, written in 1952 by Arthur Samuel for the prototype of the IBM 701. Samuel took over the essentials of Strachey's checkers program and over a period of years considerably extended it.

Alan Turing, Marvin Minsky, Allen Newell, Herbert A,John Mccarthy where the founding fathers of artificial intelligence.John Mccarthy created a computer programing language named LISP.

The field of Artificial Intelligence (AI) was officially born and christened at a workshop organized by John McCarthy in 1956 at the Dartmouth Summer Research Project on Artificial Intelligence.

JOHN MCCARTHY(1927-2011)



John mccarthy was one of the “founding father” of artificial intelligence. He was a computer scientist.

Sophia is an example for ai human-looking robot. David Hanson jr.is the developer of the realistic human-looking robot sophia.Sophia was activated on February 14, 2016,on valentines day and made its first public appearance in mid-March 2016 at south by southwest (SXSW) in Austin, Texas, United States.Sophia is marketed as a "social robot" that can mimic social behavior and induce feelings of love in humans.Sophia was granted Saudi Arabian citizenship becoming the first robot to receive legal personhood in any country.

The 7 types of AI

- General AI or artificial general intelligence (AGI)
- Narrow AI or artificial narrow intelligence (ANI)
- Super AI or artificial superintelligence (ASI)
- Reactive machines.
- Limited memory.
- Theory of mind.
- Self-aware.

There are many AI tools to use here are some examples

- chatgpt
- otterpilot
- wordtune
- grammarly
- synthesia
- bard

AI chatbots are trained on large amounts of data and use ML to intelligently generate a wide range of non-scripted, conversational responses to human text and voice input. Virtual agents are AI bots that can be specifically trained to interact with customers in call centers or contact centers.

Advantages of Ai

- reducing human mistakes
- better human workflows are discovered
- employing AI in high-risk circumstances
- 24x7 availability

Disadvantages of Ai

- high production cost
- making human lazy
- rise in unemployment
- lacking the skills to innovate

In 1966, an MIT professor named Joseph Weizenbaum created the first chatbot that is eliza. And its created to explore communication between humans and mechines .

Artificial inteligence is used in many day to day life tasks.These are some examples Virtual assistants like Siri and Alexa.

Recommendation systems used in e-commerce platforms.

Fraud detection in financial institutions.

Autonomous vehicles.

NLP for chatbots and customer service.

Image and facial recognition in security systems.

Medical diagnosis and healthcare systems.

-ALEX PAUL and EZEKIAH JOAN INCENT

# The Pig and the God

Once upon a time there lived a pig in a Jungle. He liked to fly in the sky. He cried and prayed to God. One day the God arrived in friend of him, he said his wish to God. God give wings to him and he was happy. he started to fly in the sky.

The days goes one day the pig was flying he fell down do to his weight, his wings were broken. He again prayed to god and said “I don’t need this wings God it makes me sad” God accepted his wish and said “don’t wish for anything live with your life facilities that i gives to you” pig become disappointed he said sorry to God.

- Agathosh

# പനിനീർ പുഷ്പം

അഗ്നയിൽ വെന്ത് എരിയുന്ന
നിന്റെ മനസ്സിന്റെ കനൽ തീ
ആളിക്കാൻ എനിക്കെ
കഴിയു സഖി...........

നീയെന്റെ പ്രാണെന്റെ ജീവനായി
എൻ മനസ്സിൽ ചിറക് കൂട്ടിയ
ആ നിമിഷം നീയെൻ പനിനീർ
പുഷ്പമായി ചിറകുവിടർത്തി........

-അദുല്യ

# ELDER TEACHER & GAUTHAM

Once upon a time there was a rich man. The great rich man mother had died a few year ago. On her death anniversary, the rich man would always call in all the poor people and feed them till they could not eat any more. He would also give them new clothes and money since he believed that this would make his mother happy.

A day before the rich man mother's death anniversary the rich man looked very sad. The rich man elderly teacher, who was standing nearby, noticed that the rich man was sad. He asked the rich man "Why are you sad rich man?"

The rich man replied, "Tomorrow is my mother's death anniversary and I miss her so much. But more than that I feel sad because I could not fulfil her last wish." Elder teacher asked, "What is this wish, that a mighty rich man like you could not fulfil?"

The rich man replied, "My mother loved Golden oranges. Just before she died she wanted to taste Golden oranges. But unfortunately it was not the orange season. I sent messengers far and wide, but none of them could find golden oranges. So my mother died with her wish unfulfilled."

Elder teacher was a greedy old man and tried to get gold from the rich man at any given opportunity. He quickly thought of a plan to use rich man mother's death anniversary as an excuse to get gold from the rich man.

He said to the rich man , "rich man I know that there is a simple way to fulfil your mother's wish. Just give five holy men Golden oranges on her death anniversary tomorrow. Giving it to them would be equal to fulfilling her wish."

The rich man was confused. He asked elder teacher,"But how could I elder teacher? Have you forgotten that just like the day she died, it is not the orange season?"

Elder teacher smiled, "that's simple rich man. All you have to do is give away oranges MADE OF GOLD! That will definitely please your mother's soul."

Rich man thought for a while and said,"maybe you are right elder teacher. Maybe that will satisfy her soul. I will make arrangements for oranges to be made of Gold."

Elder teacher smiled. His plan had worked. He said to the rich man, "very good my rich man. I will make arrangements for five holy men to come and collect the Golden oranges tomorrow."

Elder teacher quickly left the place and contacted a few of his friends. He told them to dress up like holy men and visit the place on the next day. He told them that they could collect the Gold oranges but they would have to share half the gold with him.

The next day the place was buzzing with activity. After all the poor people were fed and given clothes and money the rich man called out to elder teacher, “Have you brought those five holy men to receive the Gold oranges?”

Elder teacher smiled and said, “yes rich man, I will bring them to you.” Gautham was in the house at the time and wondered what was going on. He asked the rich man, “why are you giving five holy men Gold oranges rich man?”

The rich man replied, “Elder teacher told me that if I gave five holy men Gold oranges, it would fulfil my mother’s last wish to taste Golden oranges.”

Gautham knew that there was something wrong. He did not trust elder teacher and knew elder teacher was a greedy man. When he saw elder teacher lead the five holy men into the palace, he was shocked. He realised that the holy men were actually elder teacher friends, disguised as holy men. Gautham could not tell the rich man at once, because the had no way of proving to the king that these holy men were actually elder teacher friends. So Gautham came up with another plan.

Each of the five holy men walked up to the rich man and collected a orange made of Gold. Just as they were about to leave gautham stepped forward. He called out to the holy men, “just a minute holy men. I have a small request. Tomorrow is my mothers death anniversary and she had a last wish that I could not fulfil. Will you help me fulfil it?”

The five holy men where happy. They thought that Gautham would give them gifts as well. One of them said, “of course sir. What is your mother’s wish?”

Gautham smiled and said, “My mother wanted to give me something before she died. If I give it to you would I fulfil her last wish?” The holy men were even happier. One of them shouted out, “Dear sir, if you give us what ever your mother wanted to give you, you will definitely fulfil her last wish.”

Gautham walked up to one of the guards and whispered something in his ear. The guard left the courtroom. The five holy men who where actually Elder teacher friends waited patiently, expecting Gautham to give them precious gifts.

A short while later the guard entered with an iron rod that was heated in a fire.

The holy men stepped back in fear. They shouted out to Gautham, “what is this?” Gautham replied, “O holy men, this way my mother’s last wish. She wanted to give me a beating with a hot iron rod. I will now give you a beating with the hot iron rod, and that will help fulfil her wish.”

The holy men screamed with fear. They shouted, "Are you mad? Why should we get the beatings that were meant for you?" Gautham replied, "But you said that if I gave you what my mother wanted to give me, I would fulfil her last wish!" The five holy men huddled behind each other.

Gautham picked up the hot iron rod and walked towards them. He said, "You collected the Gold oranges to fulfil the rich man mother's last wish. If you are really holy men, you must get beaten with the hot iron rod to fulfil my mother's last wish."

The five imposters threw down the Gold oranges and ran out of the palace. The rich man began laughing loudly. He called out to Gautham and rich man said, "thank you! If those men where really holy men they would have taken the beating to fulfil your mother's last wish."

The rich man then turned to elder teacher and said, "Where did you find those men? They are definitely imposters." Elder teacher tried to look innocent and said, "I had no idea rich man. I found them walking along the street dressed up like holy men. I was also fooled by their disguise."

The rich man smiled at Gautham once again and said, "you have taught me a good lesson. As a reward I will give you two of the golden oranges." Elder teacher was filled with jealousy as Gautham collected the golden mango. He was determined to get rid of Gautham.

-Agathosh Beno B.M

# കാറ്റ്

നിന്റെ സ്പർശത്താനൽ
എന്റെ ചുരുൾമുടി
പാറി പറക്കുന്നു
എന്തോ പറയാൻ
ബാക്കിവെച്ചതുപോലെ നീ
മാഞ്ഞു പോകുന്നു
വേനൽക്കാലത്ത് ചൂടിൽ
നീ എന്നെ തഴുകുന്നു.....

- Devika Saji

# എലിയും പൂച്ചയും ശത്രുക്കളായ കഥ

എലിയും പൂച്ചയും ശത്രുക്കളാണെന്ന് എല്ലാവർക്കും അറിയാമല്ലോ?. എന്നാൽ പണ്ട് ഇതായിരുന്നില്ല കഥ. പണ്ട് അവർ വളരെ നല്ല സുഹൃത്തുക്കളായിരുന്നു. അവർ ശത്രുക്കളായതിന്റെ പിന്നിൽ ഒരു കഥയുണ്ട്. ഒരിടത്തൊരിടത്ത് ഒരു രത്നവ്യാപാരി ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു പൂച്ചയുണ്ടായിരുന്നു.വളരെ ആർഭാടകരമായ ജീവിത- മായിരുന്നു അതിന്റേത്. വ്യാപാരിയുടെ എട്ടു വയസ്സുള്ള മകനുമായി ആ പൂച്ച എന്നും കളിക്കുമായിരുന്നു. അന്ന് മൃഗങ്ങൾക്കും സംസാരിക്കാൻ കഴിയുമായിരുന്നു. വ്യാപാരിയുടെ വിശ്വസ്തനായ സേവകനായിരുന്നു അവൻ. ഒരിക്കൽ വ്യാപാരിയുടെ മകൻ വിലയേറിയ ഒരു രത്നവുമായി കളിച്ചുകൊണ്ടിരിക്കുകയായിരുന്നു.അപ്പോ ളതുവഴി വന്ന ഒരു കള്ളൻ അതു കാണുവാൻ ഇടയായി. അവൻ അത് കൈക്കലാക്കുവാൻ തീരു- മാനിച്ചു. എന്നാൽ അത് കുട്ടിയുടെ കയ്യിൽ ആയതിനാൽ ആ കള്ളൻ കുട്ടിയേയും എടുത്തുകൊണ്ട് ഓടി.രത്നം വിറ്റുകിട്ടുന്ന പണത്തിനപുറമേ കുട്ടിയെ അന്വേഷിച്ച് വരുന്നവരോട് കുട്ടിയെ തിരിച്ചുകിട്ടാൻ വൻതുക ആവശ്യപ്പെടാനും അവൻ തീരുമാനിച്ചു. ഇത് കണ്ടുകൊണ്ട് വരികയായി- രുന്നു പൂച്ച. അപകടം മണത്തറിഞ്ഞ അവൻ കള്ളന്റെ പിറകെ ഓടി. അവൻ അയാളുടെ ഷർട്ട് വലിച്ചുകീറി,അയാളെ മാന്തി,കടിച്ചു.പേടിച്ചു- പോയ കള്ളൻ, നാശം പിടിച്ച പൂച്ച എന്ന് പറഞ്ഞുകൊണ്ട് കുട്ടിയെ നിലത്തേയ്ക്കെറിഞ്ഞിട്ട് ഓടിപ്പോയി. കുട്ടി വീണതിന്റെ ശക്തിയിൽ അവന്റെ കയ്യിലിരുന്ന രത്നം താഴേയ്ക്ക് തെറിച്ചുവീണു .അത് ചെന്നുവീ- ണത് തൊട്ടപ്പുറത്തുണ്ടായിരുന്ന എലിയുടെ മാളത്തിലേയ്ക്കായിരുന്നു. സുഹൃത്തുക്കൾ എന്ന നിലയിൽ എലിയുടെ മാളത്തിലേയ്ക്ക് തലയിട്ടുകൊണ്ട് പൂച്ച ചോദിച്ചു : "ഏയ് കൂട്ടുകാരാ,നിന്റെ മാളത്തിലേയ്ക്ക് മാളത്തിലേയ്ക്ക്

എന്റെ മുതലാളിയുടെ വിലപിടിച്ച ഒരു രത്നം വീണുപോയിരിക്കുന്നു. അത് കാണാതെ പോയാൽ അദ്ദേഹം എന്നെ ശിക്ഷിക്കും. അതുകൊണ്ട് വേഗം പോയി അതൊന്നു എടുത്തുകൊണ്ട് വരൂ ".എന്നാൽ ആ രത്നം കണ്ടപ്പോൾത്തന്നെ എലിയുടെ കണ്ണ് മഞ്ഞളിച്ചുപ്പോയിരുന്നു.വലിയ പണക്കാരനാകണമെന്ന് ആഗ്രഹിച്ചുകൊണ്ടിരുന്ന എലി, ഇതുതന്നെ തക്കമെന്ന് വിചാരിച്ചുകൊണ്ട് പൂച്ചയോട് പറഞ്ഞു :" അതിനെന്താ സുഹൃത്തേ എടുത്തുകൊണ്ടുവരാമല്ലോ. പക്ഷേ അത് എവിടെയാണ് വീണതെന്ന് കൃത്യമായി എനിക്കറിയില്ല. അതുകൊണ്ട് നീ നിന്റെ മുതലാളിയുടെ മകനെ വീട്ടിൽ കൊണ്ടുവിട്ടിട്ടുവരുമ്പോഴേയ്ക്കും ഞാനത് എടുത്തുവച്ചേക്കാം.''പൂച്ച സമ്മതിച്ചു. എലി ഒരിക്കലും തന്നെ ചതിക്കില്ലെന്ന് അവൻ വിശ്വസിച്ചു. പൂച്ച മുതലാളിയുടെ മകനെ വീട്ടിൽ കൊണ്ടുവിട്ടു വേഗത്തിൽ തിരിച്ചെത്തുമ്പോഴേയ്ക്കക്കും എലി



അടുത്ത നാട്ടിലെത്തിയിരുന്നു. നിരാശനായ പൂച്ച തിരികെ വീട്ടിലേയ്ക്ക് യാത്രതിരിച്ചു. വീട്ടിലെത്തിയ അവൻ മുതലാളിയെ തന്റെ നിരപരാധിത്വം അറിയിച്ചു. എന്നാൽ അദ്ദേഹം അത് വിശ്വസിക്കാൻ തയ്യാറായില്ല. പൂച്ച തന്നെയാണ് ആ രത്നം കട്ടെടുത്തതെന്ന് വ്യാപാരി വിശ്വസിച്ചു .പൂച്ച വീട്ടിൽ നിന്നും പുറത്താക്കപ്പെട്ടു. അതുവരെ അവനുണ്ടായിരുന്ന എല്ലാ സൗഭാഗ്യങ്ങളും അവന് നഷ്ടപ്പെട്ടു. ഇതിനു കാരണക്കാരനായ എലിയോടുള്ള വൈരാഗ്യംമൂലം അവൻ കണ്ണിൽ കാണുന്ന എലികളെയെല്ലാം പിടിച്ചുതിന്നുവാൻ തുടങ്ങി.തന്റെ സന്തോഷം നശിപ്പിച്ച എലിവർഗ്ഗത്തോടുള്ള അവന്റെ ദേഷ്യം അവന്റെ പിൻതലമുറകളിലേയ്ക്കും പടർന്നു .

ഇതാണ് എലിയും പൂച്ചയും ജന്മനാ ശത്രുക്കളായതിന്റെ പിന്നിലെ കഥ .

- Ann Maria Abilash

# കാലമേ.....

ഇനിയും നീണ്ട
ഒരു കാത്തിരിപ്പിന്
ഞാൻ ഒരുക്കമാണ് കാലമാണ്....
മറ്റൊരു ഹൃദയത്തെ
പകരം തന്ന്
തൃപ്തിപ്പെടുത്തരുത്
നീണ്ട് മുടിയിഴകൾ
വെള്ളനൂലായ് മാറിയേക്കാം
നനുത്ത വിരലുകൾ
വരണ്ടു ചുളുങ്ങിയേക്കാം
കണ്ണുകളിൽ അന്ധതബാധിച്ചേക്കാം
എങ്കിലും ഓർമ്മകളിൽ എന്റെ ഹൃദയം
ചുവന്നുതന്നെയിരിക്കും......

-Krupa Jose

# കാനറിപടയുടെ സുൽത്താൻ



ഒരു ബ്രസീല്യൻ തെരുവിലെ ദമ്പതികൾ ആദ്യമായി ഒരു കുഞ്ഞിന് ജന്മം നൽകാൻ പോവുന്നു.1992 ഫെബ്രുവരി 5ാം തിയതി ആ കുഞ്ഞ് ജനിക്കുന്നു.അതു ഒരു ആൺ കുഞ്ഞ് ആയിരുന്നു.ഇവന്റെ പിതാവ് ലോക്കൽ ഫുട്ബോൾ ടൂർണമെന്റെ കളിച്ചും അവിടെ ഉവിടെയും ജോലികളും ചെയ്താണ് കുടുംബം പോറ്റിയിരുന്നു. തന്റെ മകന്റെ വലുതാവുമ്പോൾ ഒരു ഫുഡ്ബോളർ ആക്കണം എന്നും ഇദ്ദേഹം ആഗ്രഹിച്ചു.പയ്യെ പയ്യെ അവൻ കാൽപന്ത് തട്ടാൻ തുടങ്ങുന്നു.അവന്റെ അച്ഛന്റെ രീതികൾ ആണ് അവനെ ആദ്യം ആയി പ്രജോതിപ്പിച്ചത് ബ്രസീലിന് വലിയനെടുംങ്ങളുണാവുന്ന് ഇദ്ദേഹത്തിന് ഉറപ്പ് ആയിരുന്നു. 19ഇവന്റെ പേര് ബ്രസീൽ മുഴവൻ പ്രതിധ്യനിക്കാൻ തുടങ്ങിയിരുന്നു.ഫിഫാ പുസ്കാസ് അവാർഡ് മേടിച്ച് അവൻ തന്റെ വരവ് അറിയിച്ചിരുന്നു ഒരു ബ്രസീൽ ആരാധകരും മറക്കാത്ത ഒരു മത്സരം ഉണ്ട്. 2013 Conferation cup final Brazil നേരിടുന്നു.ലോകരാജക്കൻമാരായ 2010 വേൾഡ് കപ്പ് ജയിച്ച സ്പെയ്നിലെ അവരുടക്കാലത്തിലും മുകച്ച ടീം ആയിരുന്നു അത്.സ്പെയ്നെ പരാജ്യപെടുത്തുന്നത് അസാധ്യം തന്നെയെന്ന് പറയാം. ആ ടൂർണമെന്റിൽ മികച്ച ഫുട്ബോളർ എന്ന അവാർഡും Bronze ball അവാർഡും അവൻ ലഭിക്കുന്നു. ആ ടൂർണമെന്റിൽ മികച്ച ഫുട്ബോളർ എന്ന അവാർഡും Bronze ball അവാർഡും അവൻ ലഭിക്കുന്നു. 3ൽ ആയിരുന്നു ബ്രസീൽ Copra librate torres cup



നേടിയത്.പിന്നീട് ഉള്ള നീണ്ടവർഷങ്ങൾ ബ്രസീൽ തകർന്നവീഴുന്ന കാഴ്ച്ചകൾ കാണുന്നത് , ഏതുവരെയെന്ന് ചോദിച്ചാൽ 2011വരെ പക്ഷെ ബോളിന് പുറകിൽ നടത്തം ചെയ്തും എതിര് കളിക്കാരെ കാഴ്ച്ചക്കാൽ ആക്കി വലകുലുക്കുന്ന ഒരു പയ്യൻ ഉണ്ടായിരുന്നു. ഒട്ടിയ കവിളും എല്ലും തോലും മാത്രമുള്ള കളിക്കാരൻ അവന്റെ മികവിൽ ആയിരുന്നു സാന്റോസ് എന്ന കൊച്ച് ക്ലബ്, ക്ലബ് വേൾഡ്കപ്പ് വരെ കളിക്കുന്ന ഇത് ചരിത്രത്തിൽ ആദ്യം ആയിരുന്നു. ഏറ്റവും മികച്ച ഗോൾക്കീപ്പറുകളിൽ ഒരാളാസ ഏകൻ കസിലസീനെ നിശബ്ദനാക്കികൊണ്ട് 44ാം മിനുറ്റിൽ അവൻ ബ്രസീലിൻ വേണ്ടി ഗോൾനേടുന്നു.അങ്ങനെ എതിര് ഇല്ലാത്ത മൂന്ന് ഗോളിൻ ബ്രസീൽ വിജയിക്കുന്നു 2013 ബ്രസീലിനെ ചാമ്പ്യൻമാര് ആക്കിയ നായകന്റെ പേര് ആണ്.

NEYMAR DA SILVA SANTOS JUNIOR

- ROSHAN CHRISTIN

"അങ്ങനെ അതാ ആ സമയം ഇതാ വന്നിരിക്കുന്നു...എൻ്റെ സങ്കടത്തിൻ്റെ അവസാനവും എന്നെ അപമാനിക്കുന്നവൻ്റെ അവസാനവും".അവൻ പേന താഴെവച്ചു.റോബർട്ട് തൻ്റെ മുറിയിലെ ലൈറ്റ് ഓഫാക്കി..അവൻ ലാബിലേക്ക് നടക്കുമ്പോൾ അവൻ്റെ മനസ്സിൽ വല്ലാത്തഒരുതരം മുനതിളങ്ങുന്ന സന്തോഷം അലയടിക്കുന്നുണ്ടായിരുന്നു.

ഏതുനിമിഷവും തന്റെ ആജ്ഞ പ്രകാരം ആ ചെകുത്താനെ നിർമ്മിച്ചെടുക്കാൻ കഴിവുള്ള ഡിസൈനറുകൾ.അവൻ ആ സമയത്തിനായി കാത്തിരിക്കുകയാണ്..ഇന്ന് ലോകമറിയുന്ന ഒരുശാസ്ത്രജ്ഞനാകുന്നതിൽ നിന്ന് അവനെ ചവിട്ടിത്താഴ്ത്തിയ ആ നീചൻമ്മാർ.....ആ സമയം ഇതാ...അവൻ ചുവന്ന ബട്ടണിൽ അമർത്തി,ഏതാനം മിനിറ്റുകൾക്കുള്ളിൽ അവൻ തയ്യാറായി. റോബർട്ട് അവന് പേരിട്ടു......

"ഗിൽബർട്ട്".

അവൻ തൻ്റെപക്ഷെ ഞാൻ വിചാരിക്കുന്നതിലും വളരെ അപകടകാരിയായിരുന്നു അവൻ്റെ രൂപവും സ്വഭാവവും.ഇത്രയും എഴുതിയതിന് ശേഷം റോബർട്ട് തൻ്റെ പേന താഴെ വച്ചു.

ആ ശബ്ദം അവൻ കിടക്കുന്ന മുറിയിൽ പ്രതിധ്വനിച്ചു.ഇന്ന് ഗിൽബെർട്ടിന് 7 വയസ്സായി.. ഈ സമയംകൊണ്ട് ഈ ലോകത്തെ 7 ദശലക്ഷത്തിലധികം ആളുകളെ കൊന്നു....ഇപ്പോൾ റോബർട്ട് ഗിൽബെർട്ടിൻ്റെ തടവിലാണ്.റോബർട്ടിൻ്റെ ബുദ്ധിശക്തി ഉപയോഗിച്ച് ഗിൽബെർട്ട് നിരവധി റോബോട്ടുകളെ നിർമ്മിച്ചു,അവർതമ്മിൽ അതിഭീകരമായ യുദ്ധം നടക്കുകയാണ്.മൂന്നാം ലോക മഹായുദ്ധം എന്ന് വിശേഷിപ്പിക്കാം....,അല്ല,മൂന്നാം ലോകമഹായുദ്ധം തന്നെ. മനുഷ്യരുടെ അഭാവത്തിൽ.മനുഷ്യരില്ല, മരങ്ങളില്ല.

ചുറ്റുപാടിൽ വിഷാംശമുള്ള വായുവും മണൽതൂത്തുവാരിപറത്തിവിടുന്നകാറ്റും മാത്രം. ഗിൽബെർട്ടിൻ്റെ കോട്ട ഏക്കറുകണക്കിന് സ്ഥലത്താണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.ഗിൽബെർട്ടിൻ്റെ കോട്ടയിൽ ഒന്ന് തൊടാൻ പോലും ശത്രുക്കൾക്ക് കഴിഞ്ഞില്ല.ഇപ്പോൾ അവനാണ് ഈ ലോകത്തിൻ്റെ അധിപൻ.ഇപ്പോൾ ചെറിയ സൈന്യത്തെ ഉപയോഗിച്ച് ശത്രുവിൻ്റെ കോട്ട കീഴടക്കുന്നത് അവൻ്റെ ഹോബിയായിമാറി.ഈ ഹോബിക്ക് ഒരു അളവുമില്ല.... അവൻ എത്രമാത്രം ഇങ്ങനെ ഒറ്റയ്ക്ക് നിന്ന് ചെയ്യുന്നു.ഇങ്ങനെ അവൻ്റെ ശത്രുക്കളുടെ കോട്ടയിലെ റോബോട്ടുകൾ അവൻ്റെ അടിമയായി മാറും.

റോബർട്ട് തൻ്റെ മുറിയുടെ ജനൽ കമ്പിയിൽ

തൂങ്ങിപ്പിടിച്ചുക്കൊണ്ട് പുറത്തേക്ക് എത്തിനോക്കി.രക്തം കലർന്ന ചുവന്ന നിറത്തിൽ ആകാശവും ഭൂമിയും.അവന് ഒന്നും കാണാൻ കഴിയുന്നില്ല.എന്നാൽ ഇടയ്ക്ക്ക്കുള്ള ബോംബ് സ്ഫോടനത്തിൽ കുഞ്ഞന്മാരായ റോബോട്ടിനെ അവന് കാണാൻ കഴിയുഞ്ഞു.റോബർട്ട് താഴെ ഇറങ്ങി .അവൻ്റെ രണ്ടു കണ്ണുകളും അടച്ചു...എന്നിട്ട് അവൻ റോബോട്ടുകൾക്കിടയിൽ കിടന്ന് മരിച്ചവരെയും, അവരുടെ കുടുംബത്തെ കുറിച്ച് ചിന്തിക്കുന്നു.റോബർട്ടിന് ഒരു മുത്തച്ഛൻ മാത്രമേയുള്ളൂ ... ഗിൽബെർട്ടിൻ്റെ ജനനത്തിന് രണ്ടാഴ്ച മുമ്പ് അദ്ദേഹം മരിച്ചു.അവൻ തന്റെ കണ്ണു തുടച്ചു.എന്തായാലും റോബർട്ട് സന്തോഷവാനായിരുന്നു... കാരണം അവൻ ഗിൽബെർട്ടിനെ ഉണ്ടാക്കിയത് എന്തിനാണോ അത് ആറുവർഷം മുന്നേതന്നെ നടന്നു.ഗിൽബെർട്ടിന് ഒരു പ്രത്യേക സ്വഭാവമുണ്ട്.അവൻ റോബർട്ടിനോട് പറഞ്ഞിരുന്നു "ഞാൻ നിനക്ക് വേണ്ടി എന്തും ചെയ്യും, പക്ഷേ നീയും ഞാൻ പറയുന്നത് ചെയ്യണം".ഇതെല്ലാം റോബർട്ട് ഗിൽബെർട്ടിനെ അനുസരിക്കുന്നതിനാണ്,ഗിൽബെർട്ടിന് റോബർട്ടിൻ്റെ സഹായം ആവശ്യമുള്ളപ്പോൾ.എന്നാൽ ഇന്ന് ഗിൽബെർട്ട് എത്തിയപ്പോൾ, റോബർട്ട് ഒരു വ്യത്യസ്തമായ ആഗ്രഹമാണ് പറഞ്ഞത്-"അവസാനമായി എൻ്റെ ലാബിലേക്ക് ഒന്ന് പോകണം"-എന്നതാണ് ആഗ്രഹം..., ഇത് കേൾക്കുമ്പോൾ ഗിൽബെർട്ടിന് എന്തോ കുഴപ്പമുണ്ടെന്ന് തോന്നി! എന്നാൽ ഗിൽബെർട്ടിൻ്റെ ആവശ്യം വലുതായതിനാൽ അവൻ റോബർട്ടിൻ്റെ ആവശ്യം അനുവദിച്ചു.

നിമിഷങ്ങൾക്കുള്ളിൽ റോബർട്ടിനുള്ള സ്ഥലം അവൻ്റെ നെഞ്ചിൻകൂട് പിളർന്ന് തയ്യാറായി.റോബർട്ട് അകത്തേക്ക് കയറി. ഏറെ നാളുകൾക്ക് ശേഷം അവൻ്റെ ലാബ് കണ്ടപ്പോൾ അവൻ്റെ മനസ്സിൽ ഒരു ചെറു പുഞ്ചിരി വിരിഞ്ഞു.

മണിക്കൂറുകൾക്ക് ശേഷം റോബർട്ട് ഗിൽബർട്ട് ആഗ്രഹിച്ച അപകടകരമായ ആയുധവുമായി വന്നു.അവൻ വരുമ്പോൾ അവൻ്റെ മുഖത്ത് ഒരു ചെറു പുഞ്ചിരി ഉണ്ടായിരുന്നു.അവിടെ എത്തിയ പോലെ ഗിൽബെർട്ട് റോബർട്ടിനെ അകത്ത്കയറി.കിലോമീറ്ററുകൾ കടന്നു പോയി....അവർ അറ്റ്ല പാലത്തിൽ മുകളിൽ എത്തിയപ്പോൾ ഗിൽബെർട്ടിൻ്റെ തലച്ചോറിലേക്ക് ഒരു സന്ദേശം വന്നു.റോബർട്ട് കൂടുതൽ വിയർക്കുന്നു, അവൻ്റെ ഹൃദയമിടിപ്പ് ഉയർന്നു, ഒപ്പം ടിക്... ടിക്ക് എന്നൊരു ശബ്ദം കൂടി. ഗിൽബർട്ട് പെട്ടെന്ന് നിന്നു, റോബർട്ടിനോട് പുറത്തിറങ്ങാൻ ആവശ്യപ്പെട്ടു. ഗിൽബെർട്ടിന്റെ സെൻസറുകളാണ് ഇവ ചെയ്തത്. അവൻ പുറത്തേക്ക് വന്നു.ശേഷം, ഗിൽബെർട്ടിൻ്റെ റോബോട്ടിക് കണ്ണുകൾ കണ്ടു റോബർട്ടിൻ്റെ കൈയിൽ ഒരു ചെറിയ കാര്യംഉണ്ടെന്ന്.

ഗിൽബെർട്ടിന് ആ ചെറിയ കാര്യം വേണം, അവൻ കൈ നീട്ടി.റോബർട്ട് ചെറിയ കാര്യം ഗിൽബെർട്ടിലേക്ക് എറിയാൻ ശ്രമിക്കുച്ചു.അപ്പോൾ ഗിൽബെർട്ടിൻ്റെ സെൻസറുകൾ ഇതിനകം അതും മണത്തറിഞ്ഞു.

എന്നിട്ട് അവനെതിരെ വെടിയുണ്ടകൾ ഉതിർത്തു.അത് അവന്റെ നെഞ്ചിൽ തറച്ചു....ഒപ്പം റോബർട്ടിന്റെ കൈയ്യിലെ കുട്ടി ബോംബ് ഗിൽബർട്ടിന്റെയും...വെടിയേറ്റ റോബർട്ട് പാലത്തിൽ നിന്ന് താഴേക്ക് വീണു...വീഴുന്നതിനിടയിലും...അവന്റെ മുഖത്ത് ആ ചിരിമായാതെ നിന്നു...ഗിൽബർട്ട് വലിയ ശബ്ദത്തോടെ പൊട്ടിത്തെച്ചു.....

എങ്കിലും അവന്റെ സൈന്യം ഈ ലോകത്തിന്റെ നാശത്തിനായി പോരാടുന്നു വെറും ഒരു മനുഷ്യന്റെ സ്വാർത്ഥതയാൽ എല്ലാം......

-Adwaith Shaiju



# എന്റെ അച്ഛൻ

നിങ്ങൾ എന്നോടെപ്പമുള്ളതിനാൽ

ഞാൻ ഈ ഭ്രൂമിയിൽ ഏറ്റവും

സുരക്ഷിതനാണ് എന്ന് തോന്നുന്നു.

നിങ്ങൾ എന്റെ ജീവിതത്തിൽ

പുതിയകാര്യങ്ങളിൽ കാട്ടിത്തരുന്നു.

നിങ്ങളാൽ എന്റെ ജീവിതം

മനോഹരമാകുന്നു സന്തോഷകരമകുന്നു.

ഞാനൊരുഭാഗ്യവാനായി തോന്നുന്നു.

നിങ്ങളെപ്പോലൊരു അച്ഛനെ കിട്ടിയതിൽ.....

-Roshan



# THE WIND

I saw your toss the kites an high

And blow the birds about the sky

And all around i heard your pacs

A blowing all day long

-Alphonse Amal

# Selenophile

Whose moon is that?i think I know
Its owner is quite looking though
Full of vivid ocean and
Watching it with full of hope

The moon was chain of diamond
A night or two ago
And now she turn her perfect face
Upon the world below

The moon holds back the clouds
With its beauty of light
And it is brightly one
And it is perfectly shine

Though  surrounded by stars
In solitude the moon is visible
It was a story of a seleno ;
Whose light glows bright at night!

- Abhinaya

# The Magic Pot

Once upon a time there was a farmer, he was very poor and kind, one day he was digging the soil found a pot. Then he collected the food items in that pot and then he goes to sit under the tree to relax after some time he looked to the pot the pot is full of food items. He surprised he take the pot and ran to his house.

Then the tried it with more objects then he realised that it was a magic pot. Then he used it for his wants. Then he become a rich man. He helped all the poor people and lived happy. But the farmer become very lazy because of the magical pot. One day one of his neighbour see that and then his neighbour steal that magical pot and the neighbour become happy and he used it with gold and many precious things then his neighbour become very wealthy man. Its made the farmer more doubt. Then one day in night the farmer enter his neighbours house and then he find his magical pot.

Then the suddenly the neighbour wake up and the neighbour and farmer become fight with neighbour and the peoples came on his house and catch the neighbour and due to his fight the magical pot become broke the then the farmer become sad and then the farmer learned a moral from that pot and he returned to his works.

-Sravan P Manoj

# മഴ തുള്ളികൾ





പച്ചിലകൾക്കിടയിൽ നീയൊരു

വ്യസ്തനായി വീണുകിടക്കുന്നു

ഇതളുകളിലെ നിൻതുള്ളികൾ

പൂക്കൾക്ക് തിളക്കം നൽകുന്നു

ഉദയ സൂര്യന്റെ വെളിച്ചം

നിന്നെ അസൂയയോടെ

നോക്കിനിന്നു.

-റിയ

# ജീവിതം

സ്വന്തം ജീവിതം എങ്ങനെ ജീവിക്കണം എന്ന് ചിന്തിച്ച്
ജീവിക്കുവാൻ എല്ലാവർക്കും അവകാശമുണ്ട് അതിനാൽ അതിലെ നല്ലതും
ചീത്തതുമായ അനുഭവങ്ങൾ സ്വീകരിക്കുവാൻ അവൻ ബാധ്യസ്ഥനുമാണ്. കർമം ചെയ്യുവാനുള്ള
അധികാരിതൻ ആണെങ്കിൽ കർമഫലത്തിനുള്ള അധികാരിയും ഞാൻ തന്നെ. അധികാരിയാകും
തോറും ധിക്കാരിയായി മാറും.അതാണ് ജീവിതംപാഠം.ആഴത്തിലും,വികാരപരമായും
സ്നേഹിക്കുക.നിങ്ങൾക്ക് വേദനങ്ങൾ ഉണ്ടായേക്കാം ,പക്ഷേ ജീവിതം ജീവിച്ച് തീർക്കാനുള്ള ഏക
മാർഗ്ഗം അതാണ് ആളുകളെ അവരുടെ ബന്ധുക്കളെ വച്ച് വിലയിരുത്തരുത്.നിങ്ങൾ കേൾക്കുന്നത്
എല്ലാം വിശ്വസിക്കരുത് നിങ്ങൾക്കുള്ളത് മാത്രം ചിലവഴിക്കുക നിങ്ങൾക്ക് എന്തെങ്കിലും
നഷ്ടപ്പെടുമ്പോൾ ആ പാഠം ഒരിക്കലും മറക്കരുത്.

-Libna

# QUIZ

1. Who is known as the father of Free Software Foundation?

Ans: Richard Mathew Stallman

2.Who is known as the father of Internet?

Ans: Vinton Cerf

3.What is the name of World's first digital Computer?

Ans: Mark 1

4. who is the father of AI ?

Ans: John McCarthy

5. In which country was the first AI developed?

Ans: USA

6. Who invented first AI robot?

Ans: David Hanson

7. Name of first AI robot?

Ans: Shakey

8. Who is the father robots?

Ans: Joseph F. Engelberger,

9. Father of indian robots?

Ans: Dabbala Rajagopal

10.When the little kites firstly launched ?

Ans: 22nd January 2018

# Soulmates

We were strangers
When we met
Just a “Hello”
Changed our life
We share our secrets,memories.
Everything we know.
Just like a family
We share everything we have.

We are meant to
Be like this
If you don’t come to school
It’s a lonely hour.
But after seeing you
Back to school
It feels like,
My angel comes back to me.
We understand,
We are the soulmates.

-Jiya Sara George

# She Rises:

# A Journey of Strength and Growth

From between the highlands as enticing as she is
a girl women in the making as true as it appears
to be the fake smiler and untrue laughters the way
she rares up matured and strong the times they
thought she bold and fierce there is a petite girl
often went unnoticed often left i m pored
there is a lil girl
who of ten wanted warhith
who of ten wanted a hand
there is a woman
she wanted to be understood
she hoped to be loved
she dream of being held close
they must acknowledge
the way she loved
the way she understood
the way she tought
was always on so true
it has always been on so genuine
yet nobody
chiefly the people whe onght to
often failed to recognise the souvenis
the invalavable person
she has always been
yet let the world know
not before it's late
the inevitable happenings
those has never been planned
still the strong girl as she is
as she has always been
strategically stands withstands
yes she still uphold herself
strategically stands withstands
yes she still uphold herself
just the way she should
just the way she'll keep doing
and my admirations will always rise
and the respect and love will always
stay
for the woman she's under ereation
the women she'll become
girl always be inspired
and imitate the good news of hers
always!

–Roshan p Johnson

# നക്ഷത്രം

താനെ ചിമ്മുമീ നിന്റെ ഈ വെളിച്ചം

എന്നും കെടാതെ നിക്കുമീ സന്ധ്യയിൽ

നോക്കി നിന്ന ഞാൻ ആ വെളിച്ചത്തെ

കാണാതെപോകില്ലെന്നോർത്തുകൊണ്ടു

രാവിൽ നീ വരുന്നതും കാത്തുഞാൻ

ഇരിപ്പായ് എൻ ജനൽപ്പടിയിൽ.........

**- Bhagyalakshmi**

# സെൻ്റ അൽഫോൻസ ഹൈസ്കൂൾ വാകക്കാട്

## ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്



## വിദ്യാർത്ഥികൾ പ്രതിസന്ധികളെ തരണംചെയ്തു മുന്നേറണം

പ്രതിസന്ധികളെ തരണം ചെയ്തു മുന്നേറുന്നതിനുള്ള കരുത്ത് വിദ്യാർത്ഥികൾ നേടിയെടുക്കണമെന്ന് പാലാ രൂപതാ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അഭിപ്രായപ്പെട്ടു. വി. അൽഫോൻസാമ്മ പഠിപ്പിച്ച വാകക്കാട് സ്കൂളിലെ കുട്ടികൾ അൽഫോൻസാമ്മയുടെ പവിത്രതയും കുട്ടികളോടുള്ള കരുതലും മാതൃകയാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വാകക്കാട് സെൻ്റ്. അൽഫോൻസാ ഹൈസ്കൂൾ നടപ്പിലാക്കുന്ന PASS (Project Against Social Sins) പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹിക വിപത്തുകളെയും നവമാധ്യമസ്വാധീനനങ്ങളെയും നേരിടുന്നതിനുള്ള പരിശീലനം കുട്ടികൾക്കും മാതാപിതാക്കൾക്കും പദ്ധതിയുടെ ഭാഗമായി നൽകും. അതുപോലെതന്നെ കുട്ടികളിലൂടെ മാതാപിതാക്കളിലേക്കും ഇങ്ങനെ കുടുംബങ്ങളേയും സമൂഹത്തെയും നന്മയിലേക്ക് നയിച്ച് നവീകരണം സാധ്യമാകുന്നതിനുള്ള വിവിധ പരിപാടികളും ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ നടത്തപ്പെടും.

## നദീജലം സംരക്ഷിക്കപ്പെടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കണം



നദീജലം സംരക്ഷിക്കപ്പെടുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണമെന്ന് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ആവശ്യപ്പെട്ടു. നദികൾ വളരെയധികം മലിനീകരിക്കപ്പെടുന്നു എന്നും മലിനീകരണം തടയുന്നതിന് കുട്ടികൾ വഴി സമൂഹത്തിന് അവബോധം ഉണ്ടാകുന്നതിന് വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തുമെന്നും സ്ക്രൂൾ കുട്ടികൾ.

## കേരളത്തെ വൈജ്ഞാനിക സമൂഹമായി മാറ്റുന്നതിന് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ മുന്നിട്ടിറങ്ങുന്നു




മനുഷ്യജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുന്ന ഡിജിറ്റൽ സാങ്കേതിക വിദ്യകളും വിജ്ഞാനവും എല്ലാവരിലേക്കും എത്തിക്കുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധതലത്തിൽ പ്രവർത്തന സജ്ജരാകാൻ സാധിക്കുമെന്നും കേരളത്തെ വൈജ്ഞാനിക സമൂഹം ആയി മാറ്റുന്നതിന് വിദ്യാർഥികൾക്കുള്ള പങ്ക് വളരെ വലുതാണെന്നും വാകക്കാട് അൽഫോൻസാ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അഭിപ്രായപ്പെട്ടു.


വിജ്ഞാനവും വിജ്ഞാനാധിഷ്ഠിത സാങ്കേതികവിദ്യകളും ജനജീവിതത്തിലും സമ്പദ്‌വ്യവസ്ഥയിലും നിർണായക സ്വാധീനം ചെലുത്തുന്ന ഒരു കാലഘട്ടമാണിതെന്നും അതിനാൽ സ്വതന്ത്രവിജ്ഞാനവും നവസാങ്കേതികമുന്നേറ്റവും പരിചയപ്പെടുത്താൻ കുട്ടികൾ മുന്നിട്ടിറങ്ങണമെന്നും അഭിപ്രായമുയർന്നു. നവസാങ്കേതിക മുന്നേറ്റം നാടിൻറെ വികസനത്തിനും ക്ഷേമത്തിനും എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താം എന്നും അവ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ലിറ്റിൽകൈറ്റ്സ് കുട്ടികൾ ചർച്ച ചെയ്തു.

അറിവിൻറെ ജനാധിപത്യത്തെയും സ്വതന്ത്ര വിജ്ഞാനത്തെയും അംഗീകരിക്കുന്ന പൊതുബോധവും സംവിധാനവും സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്ക് കരുത്ത് പകരുക എന്നതാണ് പരിപാടിയുടെ പ്രധാന ഉദ്ദേശ്യം. കേരളത്തെ വിജ്ഞാനസമൂഹമാക്കി മാറ്റുന്നതിൽ സ്വതന്ത്ര വിജ്ഞാനത്തിന്റെയും നവസാങ്കേതിക വിദ്യകളുടെയും പങ്ക് വിശകലനം ചെയ്യുകയും അവയെ ജനങ്ങൾക്കു പരിചയപ്പെടുത്തുകയും ചെയ്യുകയാണ് ഈ അന്തർദേശീയ സമ്മേളനത്തിന്റെ മുഖ്യലക്ഷ്യം.





ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ നടത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടസമാപനത്തിൻ്റെ ഭാഗമായി കുട്ടികൾ വീടുകളിലേക്കും സമൂഹത്തിലേക്കും ഇറങ്ങിച്ചെന്ന് ലഹരി വിരുദ്ധ സന്ദേശങ്ങൾ നല്കി. സാമൂഹിക പ്രതിബന്ധതയോടെ കുട്ടികൾ യുവതീ യുവാക്കൾക്കും മുതിർന്നവർക്കും ലഹരിയുടെ ദൂഷ്യഫലങ്ങളെ കുറിച്ച് ബോധവൽക്കരണം കൊടുത്തു.



## ലഹരിവിരുദ്ധ സന്ദേശവുമായി വീടുകളിലേക്കും സമൂഹത്തിലേക്കും

ലഹരിയുടെ ഉപയോഗം നമ്മുടെ ആരോഗ്യത്തെയും സമ്പത്തിനെയും നശിപ്പിക്കുമെന്ന മാത്രമല്ല നമ്മുടെയും നമ്മുടെ കുട്ടികളുടെയും ഭാവിയെ വളരെ ദോഷകരമായി ബാധിക്കുമെന്നും കുട്ടികൾ ഉദ്ബോധിപ്പിച്ചു.

സ്കൂളിലെ വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ ക്യാമ്പയിനിൽ വിവിധ മേഖലയിലുള്ള നിരവധി പേർക്ക് ബോധവൽക്കരണം കൊടുക്കുന്നതിനായി സാധിച്ചുവെന്ന് ഭാരവാഹികൾ പറഞ്ഞു.

കുട്ടികൾ വ്യാപാര സ്ഥാപനങ്ങളിലും ടാക്സി സ്റ്റാൻഡുകളിലും വീടുകളിലും ചെന്ന് ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി. ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്ത വ്യക്തികളെ കൊണ്ട് ജീവിതകാലം ലഹരി ഉപയോഗിക്കുകയില്ല എന്ന് എഴുതി ഒപ്പു ശേഖരിച്ചാണ് കുട്ടികൾ മടങ്ങിയത്. പരിപാടികൾക്ക് റിയ ജോർജ് , അസിൻ നാർസിസ ബേബി, സിയാമോൾ സിബി എന്നിവർ നേതൃത്വം നല്കി.

## പോസിറ്റീവ് വൈബുകൾ കൊണ്ട് സ്വയം നിറച്ച് ആരോഗ്യകരമായ ജീവിതം സ്വന്തമാക്കൂ...




മൂന്നിലവ് ആയുർവേദ ഡിസ്പെൻസറിയിൽ വച്ച് വാകക്കാട് സെൻ്റ്. അൽഫോൻസാ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിൻ്റെയും ടീൻസ് ക്ലബ്ബിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരോഗ്യകരമായ ശീലങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് സി. റ്റെസ്സ് അധ്യക്ഷത വഹിച്ച യോഗത്തിൽ മെഡിക്കൽ ഓഫീസർ ഡോ. കാശ്മീര എ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

മൂന്നിലവ് ഗ്രാമപഞ്ചായത്ത് മെമ്പർ ഇത്തമ്മ മാത്യു മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യകരമായ ഭക്ഷണം കഴിക്കുക, വെള്ളം കുടിക്കേണ്ടതിന്റെയും സമ്മർദ്ദം ഒഴിവാക്കേണ്ടതിന്റെയും ശുചിത്വം പാലിക്കേണ്ടതിന്റെയും ആവശ്യകത, പുകവലി, മദ്യപാനം എന്നിവ വരുത്തുന്ന വിനകൾ തുടങ്ങിയവയെക്കുറിച്ച് അസിൻ നാർസിസാ ബേബി ക്ലാസ് എടുത്തു. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയറാക്കിയ മൾട്ടീമീഡിയ പ്രസൻ്റേഷൻ ഉപയോഗിച്ചായിരുന്നു ക്ലാസ്സ്.

## പരിപാലിക്കാം പരിസ്ഥിതിയെ... തോൽപിക്കാം പ്ലാസ്റ്റിക്കിനെ...



സെൻ്റ് അൽഫോൻസാ ഹൈസ്കൂളിൽ പ്ലാസ്റ്റിക് മലിനീകരണം ചെറുക്കുക എന്ന പരിസ്ഥിതി ദിന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പരിപാലിക്കാം പരിസ്ഥിതിയെ... **തോൽപിക്കാം പ്ലാസ്റ്റിക്കിനെ...**എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന വലിച്ചെറിയൽ മുക്ത ക്യാമ്പസ് പദ്ധതിക്കും വാകക്കാട് സ്കൂളിൽ തുടക്കംകുറിച്ചു. സ്കൂൾ മാനേജർ ഫാ. മൈക്കിൾ ചീരാംകുഴിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെറ്റോ ജോസഫ് ഉദ്ഘാടനം ചെയ്തു.

സ്കൂൾ ക്യാമ്പസിൽ സ്കൂൾ മാനേജർ ഫാ. മൈക്കിൾ ചീരാൻകുഴി വൃക്ഷത്തൈ നട്ടു. നേച്ചർ ക്ലബ്ബിൻ്റെ അഭിമുഖ്യത്തിൽ കൺവീനർ സാലിയമ്മ സ്കറിയയുടെ നേതൃത്വത്തിൽ കഴിഞ്ഞവർഷം കുട്ടികൾ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെറ്റോ ജോസഫ് കുട്ടികൾക്ക് വിതരണം ചെയ്തു.




## ഗ്രേറ്റ് എഡ്യൂക്കേഷണൽ ഗെയിംസുമായി ലിറ്റിൽ കൈറ്റ്സ് കുട്ടികൾ

ശിശുദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ അഭിമുഖ്യത്തിൽ ദി ഗ്രേറ്റ് എഡ്യുക്കേഷണൽ ഗെയിംസ് സംഘടിപ്പിച്ചു. ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ വിവിധ ഗെയിമുകൾ കുട്ടികൾക്കായി ഹെഡ്മിസ്ട്രസ് സി. റ്റെസ്സ് എഫ് സി സി റിലീസ് ചെയ്തു. വാകക്കാട് സെൻറ് പോൾസ് എൽ പി സ്കൂൾ കുട്ടികൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഗെയിമുകൾ കൗതുകത്തോടെ ആസ്വദിച്ച് കളിച്ചു.




## അൽഫോ_ടെക് - എഡ്യൂ_ ഇൻസൈഡ്

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ സ്കൂൾ ന്യൂസ് റൗണ്ട് അപ് അൽഫോ_ടെക് - എഡ്യൂ_ ഇൻസൈഡ് ഹെഡ്മിസ്ട്രസ് സി. റ്റെസ് എഫ്. സി. സി. പ്രകാശനം ചെയ്തു.

അൽഫോ_ടെക് - എഡ്യൂ_ ഇൻസൈഡ് എന്ന് പേരിട്ടിരിക്കുന്ന സ്കൂൾ റൗണ്ട് അപ്പിൽ സ്കൂളിലെ ഈ പ്രവർത്തന വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തന്നെയാണ് ഇതിന്റെ ഡാറ്റ എൻട്രി, ലേ ഔട്ട്, ഡിസൈനിങ് മുതലായവ നടത്തിയത്. കൂടാതെ ഇതിലേക്ക് ആവശ്യമായ ഫോട്ടോകളും എടുത്തത് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തന്നെയാണ്. പഠനത്തോടൊപ്പം കുട്ടികൾ ഇത്തരം പ്രവർത്തനങ്ങളിലും ഏർപ്പെടുന്നത് സാങ്കേതികമായ കഴിവുകളും സർഗ്ഗാത്മകമായ കഴിവുകളും പരിപോഷിപ്പിക്കുന്നതിന് കാരണമാകുമെന്ന് പ്രകാശനം ചെയ്തുകൊണ്ട് സി. റ്റെസ്സ് പറഞ്ഞു.

## ഞങ്ങൾ ആറിൽ നിന്ന് എട്ടിൽ എത്തിയിട്ടും പാലമേ നീ ഇപ്പോഴും ആറിൽ തന്നെയോ! അടുത്ത ക്ലാസ്സിലെങ്കിലും ഈ പാലത്തിലൂടെ യാത്ര സാധ്യമാകുമോ?



2021 ഒക്ടോബർ 16 ഉണ്ടായ പ്രളയത്തിൽ ഉണിൽ മരം വന്നിടിച്ച് സ്ലാബ് തകർന്ന് മൂന്നിലവ് കടപുഴ പാലം തകർന്നിട്ട് ഒന്നര വർഷമായിട്ടും പാലം തകർന്ന അവസ്ഥയിൽ തന്നെ കിടക്കുന്നതിൽ വാകക്കാട് സെൻറ് അൽഫോൻസാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ആശ്ചര്യം. അന്ന് ആറാം ക്ലാസിൽ പഠിച്ചുകൊണ്ടിരുന്ന കുട്ടികൾ ഞങ്ങൾ എട്ടാം ക്ലാസിലേക്ക് കയറുമ്പോഴും പാലം ആറിൽ തന്നെയാണല്ലോ എന്ന് പരിതപിച്ചു. സ്കൂളിലെത്താൻ അഞ്ച് കിലോമീറ്റർ മാത്രം സഞ്ചരിക്കേണ്ടിയിരുന്ന കുട്ടികൾക്ക് ഇപ്പോൾ 20 കിലോമീറ്റർ എങ്കിലും ചുറ്റി സഞ്ചരിച്ച വേണം സ്കൂളിലെത്താൻ. ഇനി അടുത്ത അധ്യയന വർഷം എങ്കിലും ഈ പാലത്തിലൂടെ യാത്ര ചെയ്ത് പഠിക്കാമെന്ന പ്രതീക്ഷയിലാണ് കുട്ടികൾ.

## കുഞ്ഞുങ്ങളെ തൊട്ടാൽ കൊത്ത് ഉറപ്പ്




സ്വതന്ത്ര വിജ്ഞാനോത്സവത്തോടനുബന്ധിച്ച് വാകക്കാട് അൽഫോൻസാ ഹൈസ്കൂളിൽ നടത്തിയ എക്സിബിഷൻ മാതാപിതാക്കൾക്കും കുട്ടികൾക്കും നവ്യാനുഭവമായി. കോഴിക്കുഞ്ഞുങ്ങളെ പിടിക്കാൻ എത്തുന്നവരെ കൊത്താൻ ഓടിയെത്തുന്ന കോഴിയമ്മയെ വളരെ കൗതുകത്തോടെയാണ് സെൻറ്. പോൾസ് എൽ പി സ്കൂളിലെ കുട്ടികൾ നോക്കി കണ്ടത്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളാണ് എക്സിബിഷൻ സംഘടിപ്പിച്ചത്.

കേരളത്തെ വിജ്ഞാന സമൂഹം ആക്കി മാറ്റുന്നതിൽ സ്വതന്ത്രവിജ്ഞാനത്തിന്റെയും നവസാങ്കേതിക വിദ്യകളുടെയും പങ്ക് വിശകലനം ചെയ്യുകയും ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കുട്ടികൾ പരിപാടികൾ സംഘടിപ്പിച്ചത്.

## കമ്പ്യൂട്ടർ സുരക്ഷാ ദിനത്തിൽ ബോധവത്കരണം



ദേശീയ കമ്പ്യൂട്ടർ സുരക്ഷാ ദിനമായി നവംബർ 30ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കമ്പ്യൂട്ടർ സുരക്ഷയെ കുറിച്ച് ബോധവൽക്കരണം നടത്തി. സുരക്ഷാ ഭീഷണികൾ ഒഴിവാക്കുന്നതിനും കമ്പ്യൂട്ടർ സുരക്ഷയെ കുറിച്ച് ഉയർന്ന അപബോധം നിലനിർത്തുന്നതിനുമാണ് നവംബർ 30 കമ്പ്യൂട്ടർ സുരക്ഷ ദിനമായി തിരഞ്ഞെടുത്തത്. ഇന്ന് കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ടാബ്ലറ്റുകൾ, സ്മാർട്ട് ഫോണുകൾ തുടങ്ങി ഇലക്ട്രോണിക് ഉപകരണങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. അതിനാൽ അതിൻറെ സുരക്ഷയെക്കുറിച്ചും സുരക്ഷിതമായി എങ്ങനെ കൈകാര്യം ചെയ്യാം എന്നുള്ളതിനെക്കുറിച്ചുംഅറിഞ്ഞിരിക്കേണ്ട ത് അത്യന്താപേക്ഷിതമാണ് എന്നും കുട്ടികൾ അഭിപ്രായപ്പെട്ടു.

# Gallery

A *Teacher* is a compass that activates the magnets of *curiosity* *knowledge* & *wisdom* in the pupils.







ലിറ്റിൽ കൈറ്റ്സ്  കുട്ടികൾ
സ്ക്രീൻ ടൈം കുറയ്ക്കുന്നതിനുള്ള
നിർദ്ദേശങ്ങളുമായി വീട്ടുകൾ
സന്ദർശിച്ചപ്പോൾ



ലിറ്റിൽ കൈറ്റ്സ്  കുട്ടികൾ
Scribus പരിശീലനത്തിൽ



ലിറ്റിൽ കൈറ്റ്സ്
നദീസംരക്ഷണയജ്ഞം




മൂന്നിലവ് ആയുർവേദ
ഡിസ്പെൻസറിയിൽ
ആരോഗ്യകരമായ ശീലങ്ങൾ
പരിശീലിപ്പിക്കുന്നതിനുള്ള
ബോധവൽക്കരണ
പരിപാടികൾക്കെത്തിയപ്പോൾ




ലിറ്റിൽ കൈറ്റ്സ്
അമ്മ അറിയാൻ



ലിറ്റിൽ കൈറ്റ്സ് കുട്ടികൾ
ലഹരി വിരുദ്ധ സന്ദേശവുമായി
വീടുകളിലേക്കും സമൂഹത്തിലേക്കും



ലഹരിക്കെതിരെ എന്ന കാമ്പയിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ



റോബോട്ടിക് പരിശീലനത്തിൽ



മീനച്ചിൽ നദിയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനായുള്ള വിവിധ പരിപാടികൾ



ലിറ്റിൽ കൈറ്റ്സ് കുട്ടികൾ സ്കൂൾ അങ്കണത്തിലെ ലിറ്റിൽ കൈറ്റ്സ് ബോർഡിന് സമീപം



ഏഴാം ക്ലാസിലെ കുട്ടികൾക്ക് മലയാളം ടൈപ്പിംഗ് പരിശീലനം



ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ

## ST.ALPHONSA HS VAKAKKAD STD-X 2023-2024



## ST.ALPHONSA HS VAKAKKAD STD-X 2023-2024



# നന്ദിയോടെ....................

മികവ് ഇവിടെ അവസാനിക്കുന്നില്ല; എങ്കിലും
പേജുകൾ ചുരുക്കുകയാണ്. ഇതിനു വേണ്ടി
പ്രയത്നിച്ചവർ അനവധിയാണ്.



ഈ സംരംഭത്തിനായി ഞങ്ങൾക്ക്
അവസരം ഒരുക്കി തന്ന
ഞങ്ങളുടെ പ്രിയങ്കരിയായ
ഹെഡ്മിസ്ട്രസ്സ് സി റ്റെസ്,
കൂടാതെ ഇതിന്റെ നിർമാണത്തിൽ
മുഖ്യ പങ്കുവഹിച്ച ലിറ്റിൽ കൈറ്റ്സ്
യൂണിറ്റിലെ അംഗങ്ങൾ, ഇതിനായി
തങ്ങളുടെ വിലപ്പെട്ട സമയം മാറ്റിവെച്ച്
ഞങ്ങളോടൊപ്പം പ്രവർത്തിച്ച
ഞങ്ങളുടെ മനുസാറും
ജൂലിയ ടീച്ചറും, ഇതിനായി
സഹകരിച്ച മറ്റു അദ്ധ്യാപകർ,
അനദ്ധ്യാപകർ, മറ്റു
വിദ്യാർത്ഥികൾ..............

എല്ലാത്തിനുപരി ഈ സംരംഭത്തിനായി
ഞങ്ങൾക്ക് ശക്തി പകർന്ന
സർവേശനോട്
ഒരേയൊരു വാക്ക്.................
നന്ദി....................
ഏറെ സ്നേഹപൂർവ്വം,

എഡിറ്റർ

MIKAVU

**St. Alphonsa High School Vakakkad**

Moonnilavu PO Pin-686586
Ph:04822286698 Mob:9744395846
e-mail: alphonsaghs@gmail.com

**Little KITEs Unit Reg. No: LK 31074/2018**

Pala Educational District